LIBRARY ARCHIVES Kerala Legislative Assembly

ക്യാഷ് അവാർഡും, നൽകി വരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധനാ പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

30 (*30) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ; ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി (ശ്രീ. കെ. ബാബു):

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ കീഴിൽ വിഴിഞ്ഞം വിവിധോദ്ദേശ്യ അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാരിസ്ഥിതികാനുമതി : ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടു നിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

2. മാസ്റ്റർ പ്ലാൻ: ഇടത്തരം കപ്പൽ (9000 ടി.ഇ.യു.) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മേയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

3. പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ: പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെയുടർന്ന് തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. Viability Gap Funding മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ഈ ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

4. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്: പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനു വേണ്ടി പദ്ധതി ലാൻഡ് ലോർഡ് മോഡലിൽ നിലനിർത്തി ക്കൊണ്ടുതന്നെ പദ്ധതിഘടന പുനർ നിർണ്ണയിച്ചു. 2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര നാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചു. 2014 ഒക്ടോബർ 29-ന് ചേർന്ന കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതിയ്ക്ക് തത്വത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്.

5. ധനസമാഹരണം: വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (India Infrastructure Finance Company Ltd), HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും സാമ്പത്തിക സഹായം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810 കോടി രൂപ സമാഹരിക്കേണ്ടതായ ബോണ്ടുകളായാണ്. ഇതിനുവേണ്ടിയുള്ള റേറ്റിംഗ് പൂർത്തിയായികഴിഞ്ഞു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മുഖാന്തിരം ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് ധനസമാഹരണ മാർഗ്ഗങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

6. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ: റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 206.64 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കാ വശ്യമായ ജലം (3.3 MLD) എത്തിക്കുന്നതിനുള്ള നിർമ്മാണം 2013 ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ചു. വൈദ്യുതി ലൈനിന്റെ നിർമ്മാണം നടന്നുവരുന്നു. റെയിൽ പാതയുടെ Detailed Project Report ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ബി) തുറമുഖ നിർമ്മാണം തുടങ്ങുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങൾ ഒന്നുമില്ല. എന്നാൽ ഹരിത ട്രൈബ്യൂണലുകളിലും സുപ്രീം കോടതിയിലും വ്യവഹാരങ്ങൾ നിലവിലുണ്ട്. തുറമുഖ നിർമ്മാണ നടത്തിപ്പുകൾക്കായി ഒരു ഏജൻസിയെ സുതാര്യമായി തെരഞ്ഞെടുക്കുക എന്നുള്ളതാണ് അടുത്ത ഘട്ടം. അതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

617/19

LIBRARY ARCHIVES Kerala Legislative Assembly